"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ മാമ്പാട് ഗ്രാമപഞ്ചായത്തിൽ നിന്ന് യു.ഡി ക്ലാർക്ക് തസ്തികയിൽ വിരമിച്ച ശ്രീ.വി.പി.കുഞ്ഞാലൻ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത OP (KAT) 173/2018 നമ്പർ കേസ്സിന്മേൽ ബഹു. ഹൈക്കോടതിയുടെ 05.10.2018 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

**സ.ഉ.(സാധാ) നം.613/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 13/03/2020

---

-

പരാമർശം:- 1 സ.ഉ(പി) നം 2357/99/ധന തീയതി 25.11.1999

2 ശ്രീ.വി.പി.കുഞ്ഞാലൻ ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത OP (KAT) 173/2018 നമ്പർ കേസ്സിന്മേലുള്ള 05.10.2018 ലെ വിധിന്യായം.

3 ശ്രീ വി.പി.കുഞ്ഞാലന്റെ 02.07.2019, 17.09.2019 എന്നീ തീയതികളിലെ നിവേദനങ്ങൾ.

4 പഞ്ചായത്ത് ഡയറക്ടറുടെ 04.08.2018, 01.10.2019 എന്നീ തീയതികളിലെ എച്ച്1(എച്ച്4)-40160/14 നമ്പർ കത്തുകൾ.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ മാമ്പാട് ഗ്രാമപഞ്ചായത്തിൽ നിന്ന് യു.ഡി ക്ലാർക്ക് തസ്തികയിൽ വിരമിച്ച ശ്രീ വി.പി.കുഞ്ഞാലൻ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത OP (KAT) 173/2018 നമ്പർ കേസ്സിന്മേൽ 05.10.2018 ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ പഞ്ചായത്ത് വകുപ്പിൽ സേവനമനുഷ്ഠിക്കുന്നതിന് മുൻപ് ടിയാൻ വിവിധ വകുപ്പുകളിലായി വ്യത്യസ്ത തസ്തികകളിൽ താൽക്കാലികമായി സേവനമനുഷ്ഠിച്ച 794 ദിവസ കാലയളവ് പെൻഷന് പരിഗണിക്കണമെന്ന അപേക്ഷകന്റെ ആവശ്യം സംബന്ധിച്ച് മൂന്നാഴ്ചയ്ക്കുള്ളിൽ സർക്കാരിൽ അപേക്ഷ സമർപ്പിക്കുവാനും അപ്രകാരം അപേക്ഷ സമർപ്പിക്കുന്ന പക്ഷം ഒന്നാം എതിർകക്ഷിയായ സർക്കാർ ടിയാന്റെ അപേക്ഷ പരിശോധിച്ച് ആറ് മാസത്തിനുള്ളിൽ തീരുമാനമെടുക്കുവാനും ഉത്തരവായിട്ടുണ്ട്. ആയതു പ്രകാരം പരാമർശം(3) പ്രകാരം ടിയാൻ സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. 07.04.1982 ൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ വി.പി.കുഞ്ഞാലൻ 31.07.2003 ന് യു.ഡി.ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ നിന്നു വിരമിച്ചു. പഞ്ചായത്ത് വകുപ്പിൽ സേവനമനുഷ്ഠിക്കുന്നതിന് മുൻപ് വിവിധ വകുപ്പുകളിലായി വ്യത്യസ്ത തസ്തികകളിൽ താൽക്കാലികമായി സേവനമനുഷ്ഠിച്ച 794 ദിവസ കാലയളവ് പെൻഷന് പരിഗണിക്കണമെന്നാണ് OP(KAT) 173/2018 ൽ ടിയാൻ അപേക്ഷിച്ചിട്ടുള്ളത്. പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം കെ.എസ്.ആർ ഭാഗം 1 ചട്ടം 33 ന് താഴെയുള്ള തീരുമാനം 2 പ്രകാരം 30/4/1994 വരെയുള്ള

ഇൻക്രിമെന്റിന് പരിഗണിക്കുന്ന താൽക്കാലിക സേവന കാലയളവ് മാത്രമേ പെൻഷന് യോഗ്യതാ കാലയളവായി പരിഗണിക്കുകയുള്ളൂ. 1/10/1994 നോ അതിനു ശേഷമോ ചെയ്തിട്ടുള്ള താൽക്കാലിക സർവീസ് പെൻഷന് ക്വാളിഫൈയിംഗ് സർവീസായി കണക്കാക്കുകയില്ല. ശ്രീ.കുഞ്ഞാലന്റെ 794 ദിവസത്തെ താൽക്കാലിക സേവനകാലയളവ് വാർഷിക ശമ്പള വർദ്ധനവിനോ ഹയർ ഗ്രേഡിനോ കണക്കാക്കിയിട്ടില്ല. അക്കൗണ്ടന്റ് ജനറൽ ടിയാന്റെ പെൻഷൻ, P-01/Pen A/181/BB/03-04/2004 പ്രകാരം അംഗീകരിച്ചിട്ടുള്ളതുമാണ്. താൽക്കാലിക സേവനകാലയളവ് പെൻഷന് പരിഗണിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.വി.പി.കുഞ്ഞാലൻ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(c) നം 31645/14 (T.A.No 449/2014) നമ്പർ അന്യായം പരിഗണിച്ച് 13.07.2017 ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ നിരസിക്കുകയും ചെയ്തിട്ടുണ്ട്. ഇതേ തുടർന്നാണ് OP(KAT) 173/18 ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ളത്.

3. സർക്കാർ ഇക്കാര്യം പരാമർശം(2), പരാമർശം(3) എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 31.07.2003 ന് പഞ്ചായത്ത് വകുപ്പിൽ മലപ്പുറം ജില്ലയിലെ മാമ്പാട് ഗ്രാമപഞ്ചയത്തിൽ നിന്ന് യു.ഡി ക്ലാർക്ക് തസ്തികയിൽ വിരമിച്ച ശ്രീ.വി.പി.കുഞ്ഞാലന് ടിയാന്റെ 794 ദിവസത്തെ താൽക്കാലിക സേവനകാലയളവ് വാർഷിക ശമ്പള വർദ്ധനവിനോ ഹയർ ഗ്രേഡിനോ കണക്കാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത കാലയളവ് പെൻഷന് യോഗ്യതാ കാലയളവ് ആയി പരിഗണിക്കുവാൻ നിർവ്വാഹമില്ല. പ്രസ്തുത സാഹചര്യത്തിൽ OP(KAT) 173/18 ൽ ടിയാൻ അപേക്ഷിച്ചിട്ടുള്ള പഞ്ചായത്ത് വകുപ്പിൽ സേവനമനുഷ്ഠിക്കുന്നതിന് മുൻപ് വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിലായി താൽക്കാലികമായി സേവനമനുഷ്ഠിച്ച 794 ദിവസ കാലയളവ് പെൻഷന് യോഗ്യ കാലയളവ് ആയി പരിഗണിക്കണമെന്ന ആവശ്യം നിരസിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പരാമർശം (2) പ്രകാരമുള്ള ബഹു. ഹൈക്കോടതിയുടെ OP(KAT)173/2018 നമ്പർ കേസ്സിന്മേലുള്ള 05.10.2018 ലെ വിധിന്യായം ഇപ്രകാരം പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

**പകർപ്പ്**

ശ്രീ.വി.പി.കുഞ്ഞാലൻ , ചോലയിൽ ഹൗസ്, പാലപ്പറ്റ, പന്നിപ്പാറ.പി.ഓ, മലപ്പുറം, 676541

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, മാമ്പാട് ഗ്രാമപഞ്ചായത്ത്, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ധന വകുപ്പ് (13/12/2019 ലെ WW1/173/2019/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം , തിരുവനന്തപുരം.

കരുതൽ ഫയൽ / ആഫീസ് പകർപ്പ്. (ഫയൽ നം. 161/ഇപിഎ1/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Danya MS

സെക്ഷൻ ഓഫീസർ